സംഘം നിശ്ചയിക്കുന്ന നിശ്ചിത അപേക്ഷാ ഫോറത്തിൽ ആവശ്യമായ രേഖകൾ സഹിതം അപേക്ഷ നൽകുകയും ആയത് സംഘം പരിശോധിച്ച് ഭരണ സമിതിയുടെ അനുവാദം ലഭ്യമാക്കിയശേഷമാണ് വായ്പ അനുവദിക്കുന്നത്. വായ്പാ നടപടിക്രമങ്ങൾ ലഘൂകരിക്കാനും സുതാര്യമാക്കുവാനും സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ സർക്കുലർ നിർദ്ദേശം നൽകാറുണ്ട്. അർഹരായ അപേക്ഷകർക്ക് അംഗത്വം നിഷേധിക്കുകയോ വൈകിക്കുകയോ ചെയ്താൽ ആയതിനെതിരെ രജിസ്ട്രാർ/സർക്കാരിന് പരാതി നൽകുവാൻ സഹകരണ നിയമം വകുപ്പ് 16 പ്രകാരം വ്യവസ്ഥയുണ്ട്.

(ബി) സഹകരണ സംഘങ്ങളിൽ അംഗത്വത്തിനുള്ള അപേക്ഷ ആരാണ് സംഘങ്ങൾക്കാണ് സമർപ്പിക്കേണ്ടത്. സഹകരണ നിയമം വകുപ്പ് 16 പ്രകാരം അംഗത്വത്തിനുള്ള അപേക്ഷയിൽ 60 ദിവസങ്ങൾക്കുള്ളിൽ സംഘം തീരുമാനമെടുത്തിരിക്കണം. അപ്രകാരം തീരുമാനമുണ്ടായിട്ടില്ലെങ്കിൽ അപേക്ഷകന്റെ പരാതിയുടെ അടിസ്ഥാനത്തിൽ രജിസ്ട്രാർ/സർക്കാരിന് തീരുമാനമെടുക്കാവുന്നതാണ്. യോഗ്യതയുള്ള അപേക്ഷകന് ഓഹരി മൂലധനത്തിന്റെ കുറവുകൊണ്ട് അംഗത്വം നൽകാവ് കഴിയാത്തപക്ഷം തുടർന്നുവരുന്ന ഒഴിവിലേക്ക് അപേക്ഷകനെ മുൻഗണനാക്രമത്തിൽ പരിഗണിക്കുന്നതിനോ അപ്രകാരം അംഗത്വം നൽകാതിരുന്നാൽ ബന്ധപ്പെട്ട സംഘത്തിന്റെ അംഗീകാരം റദ്ദ് ചെയ്യുന്നതിനോ നിലവിൽ നിയമത്തിൽ വ്യവസ്ഥയില്ല.

സഹകരണ ബാങ്കുകളിലെ നിക്ഷേപത്തിന് ആദായനികുതി

86 (3240) ശ്രീ. കെ. വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഒരു വർഷത്തിലധികം ദൂര സഹകരണ ബാങ്കുകളിൽ നിക്ഷേപം നടത്തി 10,000 രൂപയിൽ കൂടുതൽ പലിശ ലഭിക്കുന്നവർക്കും ആയതിന് നികുതി ഈടാക്കിയിട്ടുള്ള കേന്ദ്ര ആദായ നികുതി വകുപ്പിന്റെ നടപടിയുടെ ഭാഗമായി സഹകരണ ബാങ്കുകളിൽനിന്ന് വൻതോതിൽ നിക്ഷേപം പിൻവലിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ നടപടിയുടെ ഭാഗമായി സഹകരണ ബാങ്കുകൾ നടത്തിവരുന്ന പ്രവർത്തനരംഗത്തുണ്ടാകുന്ന സ്തംഭനം ഒഴിവാക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ പശ്ചാത്തലത്തിൽ ടി സാഹചര്യം മറികടക്കുന്നതിനായി കേന്ദ്ര സർക്കാരിലേക്ക് ഒരു സർവ്വകക്ഷി സംഘത്തെ അയക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിക്ഷേപങ്ങളുടെ പലിശ ഇനത്തിൽ ഒരു സാമ്പത്തിക വർഷം 10,000 രൂപയോ അതിലധികമോ നൽകിയിട്ടുള്ള സഹകരണ ബാങ്കുകൾ ആദായ നികുതി ഈടാക്കണമെന്ന ആദായ നികുതി നിയമത്തിലെ വ്യവസ്ഥ നിക്ഷേപകരിൽ ആശങ്കയുണ്ടാക്കുകയും സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും നിക്ഷേപം പിൻവലിക്കപ്പെടാൻ സാധ്യതയുള്ളതിനാൽ സംഘങ്ങൾ/ബാങ്കുകൾക്ക് ദോഷകരമാകുമോ എന്നുള്ള അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആദായനികുതി നിയമം വകുപ്പ് 194(എ)യിൽ വന്ന ഭേദഗതി പ്രകാരം 2015 ജൂൺ 1 മുതൽ പ്രസ്തുത വ്യവസ്ഥ നിലവിൽ വരികയുണ്ടായി. ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത സഹകരണ സംഘങ്ങൾ, അംഗങ്ങളുടെ നിക്ഷേപങ്ങൾക്കുനൽകുന്ന പലിശയ്ക്ക് ആദായനികുതി ഈടാക്കണമെന്ന വ്യവസ്ഥയിൽ ഇളവ് നൽകിയിട്ടുണ്ട്.

(ബി) രാജ്യത്തൊട്ടാകെ സഹകരണ ബാങ്കുകൾക്കും പോസ്റ്റോഫീസ് ഉൾപ്പെടെ എല്ലാ ബാങ്കുകൾക്കും ബാധകമായ പ്രസ്തുത വ്യവസ്ഥ നടപ്പിലാക്കുകകൊണ്ടുമാത്രം സഹകരണ ബാങ്കുകൾ നഷ്ടത്തിലും പ്രവർത്തന രഹിതവുമാകുന്ന സ്ഥിതിവിശേഷം സംജാതമാകുമെന്ന് കരുതുന്നില്ല എന്നാൽ സഹകരണ ബാങ്കുകളുടെ നിലവിലുള്ള പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുമെന്ന് സഹകരണ മേഖലയ്ക്ക് ആശങ്കയുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആദായ നികുതി നിയമപ്രകാരം സഹകരണ സ്ഥാപനങ്ങളിൽനിന്നും ആദായ നികുതി വകുപ്പ് വിവരങ്ങൾ ശേഖരിക്കുന്ന വിഷയം പാർലമെന്റ് സമ്മേളനങ്ങൾക്ക് മുന്നോടിയായുള്ള എം.പി.- മാരുടെ യോഗത്തിൽ ചർച്ച ചെയ്യുകയും ഇതോടൊപ്പമെന്നെ കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന് കത്തുകൾ നൽകുകയും ചെയ്തിട്ടുണ്ട്.

(സി) സർവ്വകക്ഷി സംഘത്തെ അയയ്ക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ബിൽ കളക്ടർമാരെ സ്ഥിരപ്പെടുത്താൻ നടപടി

87 (3241) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ ബിൽ കളക്ടർമാരായി പ്രവർത്തിക്കുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly